# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 224** **03/02/2020-ൽ മറുപടിയ്ക്ക്**

## കൊറോണ വൈറസ് പ്രതിരോധ ബോധവൽക്കരണം

**ചോദ്യം**

**ശ്രീ.വി. അബ്ദുറഹിമാൻ**

എ) അന്താരാഷ്ട്രതലത്തിൽ ആരോഗ്യലോകം അഭിമുഖീകരിക്കുന്ന കൊറോണ വൈറസ് ഭീതിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) കൊറോണ വൈറസ് ബാധ ചൈനയിലും മറ്റും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, കേന്ദ്ര രോഗനിരീക്ഷണ യൂണിറ്റ് തുടങ്ങിയവയിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും അറിയിപ്പുകളും സംസ്ഥാന ആരോഗ്യവകുപ്പ് ബന്ധപ്പെട്ട സംസ്ഥാന തല ഉദ്യോഗസ്ഥർക്കും ജില്ലാ മെഡിക്കൽ ആഫീസുകൾക്കും അടിയന്തര നടപടികൾക്കായി ജനുവരി 18 മുതൽ നൽകി വരുന്നു.

- ബഹു.ആരോഗ്യ വകുപ്പ് മന്ത്രി ഉന്നതതല യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും മാധ്യമ യോഗം വിളിച്ചുകൂട്ടി പൊതുജനങ്ങൾക്കായി വിശദീകരിക്കുകയും ചെയ്തു.
- 24.01.2020 ന് സംസ്ഥാന തലത്തിൽ കൊറോണ സംബന്ധിച്ച കൺട്രോൾ റൂം സംസ്ഥാന ആരോഗ്യവകുപ്പ് ആസ്ഥാനത്ത് സജ്ജീകരിക്കുകയും ദ്രുതകർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ചികിത്സ, മുൻകരുതലുകൾ, ബോധവൽക്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകൾക്കു നൽകി വരുന്നുണ്ട്.
- വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ചൈന തുടങ്ങിയ കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽ നിന്നും എത്തുന്ന യാത്രികരെ സൂക്ഷ്മ നിരീക്ഷണം

ചെയ്യുന്നതിനും രോഗാവസ്ഥ പരിഗണിച്ച് വീടുകളിൽത്തന്നെ വേർതിരിച്ച് പാർപ്പിച്ച് നിരീക്ഷിക്കുകയോ ആശുപത്രിയിൽ പ്രവേശിപ്പിച്ച് നിരീക്ഷിക്കുകയോ ചെയ്തു വരുന്നു. ഐ.ഡി.എസ്.പി സംവിധാനവും ഇതിനായി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

- എല്ലാ മെഡിക്കൽ കോളേജുകളിലും പ്രധാന ജില്ലാ/ജനറൽ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും രോഗം സംശയിക്കുന്നവരെ മറ്റുള്ളവരിൽ നിന്നും മാറ്റി പാർപ്പിക്കുവാൻ വേണ്ടി വെന്റിലേറ്റർ, ഐ.സി.യു സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ചികിത്സ, വ്യക്തിഗത സുരക്ഷ, അനുബന്ധ കാര്യങ്ങൾ തുടങ്ങിയവയ്ക്കുള്ള സാധന സാമഗ്രികൾ സംഭരിച്ച് വിതരണം ചെയ്തു വരുന്നു.
- രോഗസ്ഥിരീകരണത്തിനായി സാംപിളുകൾ വ്യോമ മാർഗ്ഗത്തിൽ പൂനെയിലെ ദേശീയ വൈറോളജി യൂണിറ്റിൽ അയച്ചു വരുന്നു.
- ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും പത്ര/ദൃശ്യ/ശ്രവ്യ/സാമൂഹ്യ മാധ്യമങ്ങളിലൂടെ ബോധവത്കരണ സന്ദേശങ്ങൾ നൽകി വരുന്നു.
- കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ധ ടീം കൊച്ചി വിമാനത്താവളവും ആശുപത്രികളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. തയ്യാറെടുപ്പുകളിൽ സംതൃപ്തി രേഖപ്പെടുത്തി.
- എല്ലാ ജില്ലകളിലും കൺട്രോൾ റൂം സജ്ജീകരിച്ചു വരുന്നു.
- എല്ലാ ജില്ലകളിൽ നിന്നും രോഗനിരീക്ഷണ റിപ്പോർട്ടുകൾ ശേഖരിച്ച് ക്രോഡീകരിച്ച് വിശകലനം ചെയ്ത് വേണ്ട

നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത വൈറസ് പ്രതിരോധവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പ്രത്യേക നിർദ്ദേശം സംസ്ഥാന ആരോഗ്യ വകുപ്പിന് നൽകിയിട്ടുണ്ടോ; | ബി) | കൊറോണ വൈറസ് രോഗ നിരീക്ഷണം, ലബോറട്ടറി പരിശോധന, പ്രതിരോധം, നിയന്ത്രണം, ബോധവത്കരണം തുടങ്ങിയവ സംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും കേന്ദ്രസർക്കാർ സംസ്ഥാന ആരോഗ്യ വകുപ്പിന് നൽകി വരുന്നുണ്ട്. |
| സി) | ഇതിന്റെ ബോധവൽക്കരണത്തിനായി കൂടുതൽ പ്രചാരണപരിപാടികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യമന്ത്രാലയം നൽകിയിട്ടുള്ള രോഗനിരീക്ഷണം, ലബോറട്ടറി പരിശോധന, പ്രതിരോധം നിയന്ത്രണമാർഗ്ഗങ്ങൾ, രോഗം സംശയിക്കുന്നവരെ മാറ്റിപ്പാർപ്പിക്കൽ, ചികിത്സ, വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ തുടങ്ങിയവയെപ്പറ്റിയുള്ള മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും ജില്ലാ മെഡിക്കൽ ആഫീസുകൾക്കും മെഡിക്കൽ കോളേജുകൾക്കും ലഭ്യമാക്കി അവബോധം നൽകിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ ബോധവത്കരണം നൽകി വരുന്നുണ്ട്.<br>ഇതു കൂടാതെ ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും വേണ്ടി മാർഗ്ഗരേഖകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ, വീഡിയോകൾ തുടങ്ങിയവ തയ്യാറാക്കിയിട്ടുണ്ട്. വിവിധ പത്ര/ദൃശ്യ/ശ്രവ്യ/സാമൂഹ്യ മാധ്യമങ്ങൾ വഴിയും വേണ്ട അവബോധം നൽകി വരുന്നു.<br>കൂടാതെ ജനങ്ങൾക്കുള്ള സംശയ നിവാരണം "ദിശ" യുടെ ടോൾഫ്രീ നമ്പർ 1056 വഴിയും 0471-2552056 വഴിയും നൽകി വരുന്നു. മെഡിക്കൽ ഓഫീസർമാർ അതാത് തദ്ദേശസ്ഥാപനത്തിൽ യോഗം ചേർന്ന് കാര്യങ്ങൾ ഗ്രഹിപ്പിച്ച് വേണ്ട നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| ഡി) | സംസ്ഥാനത്ത് എവിടെയെങ്കിലും കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ? | ഡി) | ഉണ്ട്. 3 പേർക്ക് കൊറോണ വൈറസ് രോഗബാധ സ്ഥിരീകരിച്ചു. |

സെക്ഷൻ ഓഫീസർ